കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – വിവരാവകാശ നിയമം 2005 – സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (ഭരണം – എ) വകുപ്പ്

സ.ഉ (കൈ) നം. 156/2024/ധന തിരുവനന്തപുരം, തീയതി 15.11.2024.

പരാമർശം: 1. സർക്കുലർ നമ്പർ 77000/സി ഡി എൻ.5/06/പൊ.ഭ.വ തീയതി 30.10.2006.

2. അപ്പീൽ അപേക്ഷ നം.2111(5)/2 I/SIC –ന്മേൽ വിവരാവകാശ കമ്മീഷന്റെ 06.04.2023 –ലെ ഉത്തരവ്.

3. സ.ഉ (കൈ) നം. 85/2023/ധന തീയതി : 29.05.2023.

<u>ഉത്തരവ്</u>

ബഹു. വിവരാവകാശ കമ്മീഷന്റെ പരാമർശം 2 പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി ധനകാര്യ വകുപ്പിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും ചുമതലപ്പെടുത്തുന്നത് സംബന്ധിച്ചും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ വകുപ്പിലെ നിലവിലെ രീതിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ചും ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ എസ്.പി.ഐ.ഒ/അപ്പീൽ അധികാരികളുടെ വിവരങ്ങൾ ചേർക്കുന്നത് സംബന്ധിച്ചും ക്രമീകരണങ്ങൾ/നിർദ്ദേശങ്ങൾ നടപ്പിലാക്കി പരാമർശം 3 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിലെ എല്ലാ ഉദ്യോഗസ്ഥരെയും ടി ഉദ്യോഗസ്ഥർ ചുമതല വഹിക്കുന്ന ധനകാര്യ വകുപ്പിലെ സെക്ഷനുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി (SPIO) നിയമിക്കുന്നതായും അണ്ടർ സെക്രട്ടറി ഇല്ലാത്ത പക്ഷം ടി സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിയോ അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറിയുടെ അഭാവത്തിൽ പ്രസ്തുത സെക്ഷനുകളുടെ ചുമതലയുള്ള തൊട്ടടുത്ത ഉയർന്ന ഉദ്യോഗസ്ഥനോ പ്രസ്തുത സെക്ഷന്റെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല വഹിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറി ഇല്ലാത്ത പക്ഷം ടി സെക്ഷന്റെ ചുമതലയുള്ള അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി ഒന്നാം അപ്പീൽ അധികാരി ആയി ചുമതല വഹിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

ധനകാര്യ വകുപ്പിലെ ഭൂരിപക്ഷം സെക്ഷനുകളിലും ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ട്.

എന്നാൽ ജോയിന്റ് സെക്രട്ടറി വരെ മാത്രം ഉദ്യോഗസ്ഥ ശ്രേണിയുള്ള സെക്ഷനുകളുമുണ്ട്. പ്രൊമോഷനുകൾ, ട്രാൻസ്ഫറുകൾ എന്നിവ മൂലം പ്രസ്തുത സെക്ഷനുകളിൽ അണ്ടർ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ ഇല്ലാതെ വരുമ്പോൾ ജോയിന്റ് സെക്രട്ടറിക്ക് / അഡീഷണൽ സെക്രട്ടറിയ്ക്ക് മേൽ പറഞ്ഞ ഉത്തരവിൻ പ്രകാരം SPIO ആയി പ്രവർത്തിക്കേണ്ടി വരുകയും അവിടെ അപ്പീൽ അധികാരി ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ധനകാര്യ വകുപ്പിൽ ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി എന്നീ ശ്രേണികൾ നിലവിൽ ഉള്ള സെക്ഷനുകളിൽ അണ്ടർ സെക്രട്ടറിയോ ഡെപ്യൂട്ടി സെക്രട്ടറിയോ ഇല്ലാത്ത സന്ദർഭങ്ങളിൽ തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (SPIO) ആയും അതിന് മുകളിലുള്ള ഉദ്യോഗസ്ഥൻ അപ്പീൽ അധികാരി ആയും പ്രവർത്തിക്കേണ്ടതാണെന്നും അണ്ടർ സെക്രട്ടറി/ ഡെപ്യൂട്ടി സെക്രട്ടറി -യ്ക്ക് മുകളിൽ ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി എന്നിവയിൽ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ മാത്രമാണ് ഉള്ളതെങ്കിൽ ടി ഉദ്യോഗസ്ഥൻ അപ്പീൽ അധികാരി ആയി പ്രവർത്തിക്കേണ്ട സാഹചര്യം ഉള്ളതിനാൽ ടി സെക്ഷനിലെ സെക്ഷൻ ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ SPIO ആയി പ്രവർത്തിക്കേണ്ടതാണെന്നും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ എം എസ്
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
കരുതൽ ഫയൽ / ഓഫീസ് കോപ്പി (2864921/INF-3/92/2024-FIN).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ